# പതിമൂന്നാം കേരള നിയമസഭ

## (പതിമൂന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1882 17/03/2015-ൽ മറുപടിയ്ക്ക്**

**<u>മൽസ്യവിഭവങ്ങളുടെ ഗുണമേന്മ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ്:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. ജോസഫ് വാഴയ്ക്കൻ :<br>ശ്രീ. പാലോട് രവി: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യവിഭവങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുവാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; | (എ) മത്സ്യത്തിന്റെ ഗുണമേന്മ ഉറപ്പാക്കി, കേടുകൂടാതെ ഉപഭോക്താക്കളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി 75% കേന്ദ്ര സഹായത്തോടെ ''ഫ്രഷ് ഫിഷ് ടു ആൾ'' എന്ന കേന്ദ്രാവിഷ്കൃത പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുകയായ 390.00 ലക്ഷം രൂപയിൽ 200.00 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. 15 ഇൻസുലേറ്റഡ് ട്രക്കുകൾ, ഐസ് ബോക്സ് സംവിധാനത്തോടുകൂടിയ 200 ഇരുചക്ര വാഹനങ്ങൾ, ഐസ് ബോക്സ് സംവിധാനത്തോടുകൂടി 50 ഓട്ടോറിക്ഷകൾ എന്നിവ ഈ പദ്ധതിയിലൂടെ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി 6 ഇൻസുലേറ്റഡ് ട്രക്കുകൾ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും പദ്ധതി പ്രകാരമുള്ള ബാക്കി ഇൻസുലേറ്റഡ് ട്രക്കുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) കോൾഡ് ചെയിൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (ബി) മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനവും ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണമേന്മയുള്ള മത്സ്യലഭ്യതയും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കോൾഡ് ചെയിൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |

(സി) എങ്കിൽ പ്രസ്തുത പദ്ധതി എന്ന് മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശി ക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) മത്സ്യവിഭവങ്ങളുടെ ഗുണമേന്മയും വിനിയോഗവും ഉറപ്പുവരുത്തുന്ന തിന് കോൾഡ് ചെയിൻ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

(സി) യും (ഡി) യും കോൾഡ് ചെയിൻ പദ്ധതി നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ ധനസഹായത്തോ ടെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ അംഗീകാരത്തിനായി പദ്ധതി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. പദ്ധതിക്ക് എൻ.എഫ്.ഡി.ബി-യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും

സെക്ഷൻ ഓഫീസർ